Draft #14 of File 130900/AD A7-3/2021/REG SECT (PART-I) Approved by ASSISTANT REGISTRAR VII (ADMIN) on 14-Sep-2022 04:39 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ (COE)-ൽ ഡെപ്യൂട്ടി ഡയറക്ടർ എന്ന താൽക്കാലിക തസ്തികയിലേക്കുള്ള കരാർ നിയോഗം -ബഹു.വൈസ് ചാൻസിലർ അംഗീകരിച്ചത് ഉത്തരവായി പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 9302/AD A 7/2022/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 14.09.2022

*പരാമർശം:*-(1).പുനർവിജ്ഞാപനം നം.130900/ADA7-3/2021/REG SECT,തീയതി 16.06.2022.
(2).08.08.2022 തീയതിയിൽ നടന്ന അഭിമുഖത്തിന്റെ നടപടിക്രമം.
(3).യൂ.ഒ.നം.8618/ADA7/2022/എം.ജി.യു.,തീയതി 19.08.2022.
(4).റാങ്ക് പട്ടിക നം.130900/ADA7-3/2021/REG SECT,തീയതി 23.08.2022.
(5).മെമ്മോ നം.130900/AD A7-3/2021/REG SECT,തീയതി 26.08.2022.
(6).COE,ഡയറക്ടർ ഇൻ ചാർജ്ജ് മുഖേന സമർപ്പിച്ച ജോയിനിങ് റിപ്പോർട്ട്.
(7).യൂ.ഓ.നം. 6007/ADA5/2020/എം.ജി.യൂ.,തീയതി 24.12.2020

**ഉത്തരവ്**

സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ (COE)-ൽ ഡെപ്യൂട്ടി ഡയറക്ടർ എന്ന താൽക്കാലിക തസ്തികയിലേക്ക് പ്രാരംഭത്തിൽ ഒരു വർഷവും,പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷം വരെ ദീർഘിപ്പിക്കാവുന്ന കരാർ കാലാവധിയിൽ നിയോഗം നടത്തുന്നതിനായി പരാമർശം (1) പുനർവിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടി തസ്തികയിലേക്ക് 08.08.2022 തീയതിയിൽ നടന്ന അഭിമുഖത്തിന്റെ പരാമർശം (2) നടപടിക്രമവും,തിരഞ്ഞെടുപ്പ് സമിതി തയ്യാർ ചെയ്ത റാങ്ക് പട്ടികയും ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985,അദ്ധ്യായം 3,സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.തദനുസരണം പരാമർശം (3) ഉത്തരവും ,പരാമർശം (4) റാങ്ക് പട്ടികയും പുറപ്പെടുവിച്ചിരുന്നു.

മേൽ റാങ്ക് പട്ടികയിലെ ഒന്നാം സ്ഥാനക്കാരനായ ഡോ.സാബുക്കുട്ടൻ.കെ -ക്ക് ജോലിയിൽ പ്രവേശിക്കുന്നതിനായി പരാമർശം (5) അറിയിപ്പ് നൽകിയിരുന്നു. ടിയാൻ COE-ൽ 29.08.2022 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചതായും,ആയതിന്റെ പരാമർശം (6) ജോയിനിംഗ് റിപ്പോർട്ട് കേന്ദ്രത്തിന്റെ ഡയറക്ടർ (i/c) മുഖേന സമർപ്പിച്ചിരുന്നു. ടിയാൻ സർവ്വകലാശാലയുമായി ഏർപ്പെട്ട കരാറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | താൽക്കാലിക തസ്തിക | കരാർ വേതനം | കരാർ കാലാവധി |
|---|---|---|---|
| ഡോ.സാബുക്കുട്ടൻ.കെ. | ഡെപ്യൂട്ടി ഡയറക്ടർ,COE | പ്രതിമാസം 60,000/- രൂപ സഞ്ചിത നിരക്കിൽ | 29.08.2022 തീയതി മുതൽ ഒരു വർഷം. |

ഇപ്രകാരം COE-ലെ ഡെപ്യൂട്ടി ഡയറക്ടർ എന്ന താൽക്കാലിക തസ്തികയിലേക്കുള്ള ഡോ.സാബുക്കുട്ടൻ.കെ-യുടെ ഒരു വർഷത്തേക്കുള്ള കരാർ നിയോഗം ബഹു.വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

മേൽ കരാർ നിയോഗത്തിന്റെ പ്രതിമാസ വേതനത്തിനുള്ള തുക നടപ്പ് സാമ്പത്തിക വർഷത്തെ (2022-23) "22 355 31-Payment to Academic Staff Guest Faculty " എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്. ടി തുക പരാമർശം (7) ഉത്തരവിൽ നിർദ്ദേശിക്കുന്ന ആദായ നികുതി നിയമത്തിലെ സെക്ഷൻ 194(c) പ്രകാരം സ്രോതസ്സിൽ നിന്നുമുള്ള നികുതി കിഴിവി(TDS)നു വിധേയമായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മജീദ് വി പി

അസിസ്റ്റന്റ് രജിസ്ട്രാർ 7 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1).ബന്ധപ്പെട്ട വ്യക്തികൾ
2).ഡയറക്ടർ (i/c).COE
3).വൈസ് ചാൻസിലറുടെ/പ്രൊ-വൈസ് ചാൻസിലറുടെ പി.എസ്-മാർ.
4).രജിസ്ട്രാറുടെ / ഫിനാൻസ് ഓഫീസറുടെ പി.എ-മാർ.
5).ജോയിന്റ് ഡയറക്ടർ,KSAD.
6).ജോയിന്റ് രജിസ്ട്രാർ 3(ഭ.വി.)/ അസിസ്റ്റന്റ് രജിസ്ട്രാർ 7 (ഭ.വി.).
7).ഓഡിറ്റ് 1-5/ജനറൽ ക്യാഷ്
8).കണ്ടെന്റ് മാനേജ്മെന്റ് / റെക്കോർഡ്സ് സെക്ഷൻ.

ഫയൽ നം.130900/ADA7-3/2021/REG SECT (PART-1)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #14 of File 130900/AD A7-3/2021/REG SECT (PART-I) Approved by ASSISTANT REGISTRAR VII (ADMIN) on 14-Sep-2022 04:39 AM - Page 2